www.snec.in

# SNEC

## SAMASTHA NATIONAL EDUCATION COUNCIL

# സമസ്ത നാഷനൽ എജ്യുക്കേഷൻ കൗൺസിൽ (SNEC)

സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ നിർദേശപ്രകാരം സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡിനു കീഴിൽ നിലവിൽ വന്ന സമസ്ത നാഷനൽ എജ്യുക്കേഷൻ കൗൺസിൽ (SNEC), കേരളത്തിലും ഇതര സംസ്ഥാനങ്ങളിലും വിവിധ വിദ്യാഭ്യാസ പദ്ധതികൾ നടപ്പാക്കി, മുസ്‌ലിം ന്യൂനപക്ഷത്തിന്റെ വിദ്യാഭ്യാസ-സാമൂഹിക ശാക്തീകരണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സംവിധാനമാണ്. ഇസ്‌ലാമിക-സെക്കുലർ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന ഇസ്‌ലാമിക കോളേജുകളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനും പ്രവർത്തനങ്ങളെ ഏകീകരിക്കുന്നതിനും ദേശീയ വിദ്യാഭ്യാസ പദ്ധതി പ്രവർത്തിച്ചു വരുന്നു. കോഴിക്കോട് ഫ്രാൻസിസ് റോഡിലെ സമസ്ത കാര്യാലയത്തിലാണ് നിലവിലെ SNEC ആസ്ഥാനം.

---

# ലക്ഷ്യം

ധാർമിക മൂല്യങ്ങളിലധിഷ്ഠിതമായ മത-ഭൗതിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക വഴി മതബോധമുള്ള പ്രതിഭാശാലികളെ വാർത്തെടുക്കുകയെന്നതാണ് പദ്ധതിയുടെ മുഖ്യ ലക്ഷ്യം.
സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ കീഴിൽ SNEC രൂപപ്പെടുത്തിയ വിദ്യാഭ്യാസ സംവിധാനങ്ങളെ ഏകീകരിപ്പിച്ച് സർവകലാശാല നിലവാരത്തിലുള്ള കേന്ദ്രീകൃത ക്യാമ്പസ് യാഥാർത്ഥ്യമാക്കുക എന്നതും പദ്ധതിയുടെ ലക്ഷ്യമാണ്.



# ഉദ്യമങ്ങൾ

പാരമ്പര്യത്തിലൂന്നിയതും പുതിയ കാലത്തോട് സംവദിക്കുന്നതുമായ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ.

ശരീഅഃ സ്ട്രീം, ഷീ സ്ട്രീം, ലൈഫ് സ്ട്രീം തുടങ്ങിയ വിവിധ കോഴ്സുകളിൽ പ്രവേശനം.

പ്രതിഭാശാലികളായ പണ്ഡിതരെയും പണ്ഡിതകളെയും വാർത്തെടുക്കാനുതകുന്ന അക്കാദമിക പ്രവർത്തനങ്ങൾ.

അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ ആദർശത്തിലധിഷ്ഠിതമായ കരിക്കുലം.

സാമൂഹ്യ ഉന്നമനത്തിനും രാഷ്ട്ര അഭിവൃദ്ധിക്കുമായി വ്യത്യസ്ത പദ്ധതികൾ.

മികച്ച പഠനാനുഭവങ്ങൾക്കായി ബ്ലെൻഡഡ് സിസ്റ്റം.

നേതൃ പാടവം, വ്യക്തിത്വം, സർഗ ശേഷി തുടങ്ങിയവ വളർത്തുന്ന ലൈഫ് സ്കിൽ ട്രെയിനിങ്.

ശാസ്ത്രം, ആരോഗ്യം, പരിസ്ഥിതി അവബോധം.



## **ശരീഅഃ** സ്ട്രീം

- **2 + 4 + 2**
- **മതപഠനം**
- **പ്ലസ്ടു** (ഹ്യുമാനിറ്റീസ്)
- **യു.ജി + പി.ജി**





## **ഷീ** സ്ട്രീം

- **2 + 3 + 2**
- **മതപഠനം**
- **പ്ലസ്ടു** (ഹ്യുമാനിറ്റീസ്)
- **യു.ജി + പി.ജി**

## **ലൈഫ്** സ്ട്രീം

- **2 + 3 + 2**
- **പ്ലസ്ടു** (ഹ്യുമാനിറ്റീസ്, കൊമേഴ്സ്, സയൻസ്)
- **IAS, IPS, IFS ഫൗണ്ടേഷൻ**
- **Med-Engineering കോച്ചിംങ്** (National / International Institution)
- **യു.ജി + പി.ജി**
- **മതപഠനം**



# ശരീഅഃ സ്ട്രീം (2+ 4 + 2)

മത മേഖലയിൽ ധിഷണയും അവഗാഹവുമുള്ള പ്രതിഭാശാലികളായ പണ്ഡിതരെ വാർത്തെടുക്കുന്നതിനു വേണ്ട ചിട്ടയായ പഠനരീതി.

ഖുർആൻ, ഹദീസ്, കർമ്മശാസ്ത്രം തുടങ്ങിയവയിൽ അവഗാഹമുള്ള പണ്ഡിതർ.

മന:ശാസ്ത്രം, സാമൂഹിക അവബോധം എന്നിവയിൽ നിപുണരായ മതമേഖലയിലെ അധ്യാപകർ.
കൗൺസിലിങ്, നേതൃ പാടവം, ഭാഷാ വൈഭവം എന്നിവ ഒത്തിണങ്ങിയ ഖതീബുമാർ.


ഉന്നത യൂനിവേഴ്സിറ്റികളിൽ അധ്യാപനം നടത്താനും അന്താരാഷ്ട്ര കോൺഫറൻസുകളിൽ വിഷയാവതരണം നടത്താനും കഴിയുന്ന ഉയർന്ന നിലവാരത്തിലുള്ള അക്കാദമിക വിദഗ്ധർ, ചിന്തകർ, എഴുത്തുകാർ.

മതമേഖലയിലെ സനദിനു പുറമേ സോഷ്യൽ സയൻസ്, ലാംഗ്വേജ് തുടങ്ങിയ വിഭാഗങ്ങളിൽ യു.ജി.സി അംഗീകൃത യൂനിവേഴ്സിറ്റി യു.ജിയും പി.ജിയും.

## സെക്കന്ററി

മതപഠനം, പ്ലസ് ടു എന്നിവയ്ക്കു ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെയുള്ള നൂതന ഭാഷാ പഠനം.
എല്ലാ വിഷയങ്ങളിലും 70% എഴുത്തു പരീക്ഷ, 30% പ്രായോഗിക പ്രവർത്തനങ്ങൾ.





## ഡിഗ്രി

മതപഠനം, യൂനിവേഴ്സിറ്റി ഡിഗ്രി എന്നിവയ്ക്കു പുറമേ ഫീൽഡ് വർക്കുകളും വിദേശ ഫാക്കൽറ്റികളുമായുള്ള ആശയവിനിമയവും.

ഖുർആൻ, ഹദീസ്, ഫിഖ്ഹ്, വ്യാകരണം, ശാസ്ത്രം, ചരിത്രം, തസവ്വുഫ്, ഗണിതം.

ടീച്ചിങ് പെഡഗോജി, കൗൺസലിങ്, മഹല്ല് ലീഡർഷിപ്പ്, സോഷ്യൽ സയൻസ്, ലാംഗ്വേജ് ഇവയിലേതെങ്കിലും ഒരു വിഭാഗത്തിൽ യൂനിവേഴ്സിറ്റി പഠനം.

ലീഗൽ സ്റ്റഡീസ്, പ്രകൃതി പഠനം.

ഐടി, ഡിജിറ്റൽ സാധ്യതകൾ.

പ്രായോഗിക പഠനം, ഫീൽഡ് വർക്ക് (മഹല്ലുകൾ, മദ്റസകൾ, സാന്ത്വന കേന്ദ്രങ്ങൾ, സർവേ റിപ്പോർട്ടുകൾ) ലൈഫ് സ്കിൽ കോഴ്സുകൾ

## പി.ജി

ഖുർആൻ, ഹദീസ്, ഫിഖ്ഹ്, ന്യായശാസ്ത്രം, ചരിത്രം, ഗണിത ശാസ്ത്രം, ഗോള ശാസ്ത്രം, തുടങ്ങിയവയിൽ ആഴത്തിലുള്ള പഠനം.

അന്താരാഷ്ട്ര പണ്ഡിതരുമായുള്ള ഓഫ് ലൈൻ/ ഓൺലൈൻ കൂടിക്കാഴ്ചകൾ, സംവേദനങ്ങൾ.

സ്ഥാപന ഭരണം, സമൂഹ മാനേജ്മെന്റ്, കുടുംബ കൗൺസലിങ്,

അവസാന രണ്ടുവർഷം കേന്ദ്രീകൃത ക്യാമ്പസിൽ പഠനം

# ഷീ സ്ട്രീം (2+3+2)

ഗുണമേന്മയുള്ള വിദ്യാഭ്യാസവും തർബിയത്തും തസ്കിയതും നൽകി പണ്ഡിതകളെയും മികച്ച കുടുംബിനികളെയും വാർത്തെടുക്കുന്ന പഠന രീതി.

## ഉദ്ദേശ്യലക്ഷ്യങ്ങൾ

മതാന്തരീക്ഷത്തിലും സുരക്ഷിതത്വത്തിലും പെൺകുട്ടികൾക്ക് ഉന്നത മത-ഭൗതിക വിദ്യാഭ്യാസം നൽകുക.

---

ഗുണമേന്മയുള്ള വിദ്യാഭ്യാസവും തർബിയത്തും നൽകി മികച്ച നൈപുണ്യമുള്ള വനിതകളെ വാർത്തെടുക്കുക.

---

മികച്ച അധ്യാപകരായും അഡ്മിനിസ്ട്രേറ്റർമാരായും പ്രാപ്തരാക്കുക.

---

ഉത്തമ മാർഗ ദർശനം നൽകാൻ പ്രാപ്തരായ കുടുംബിനികളെ വാർത്തെടുക്കുക.

---

സ്ത്രീകൾക്കിടയിൽ പ്രബോധന പ്രവർത്തനങ്ങൾ നടത്താവുന്നവരെ വാർത്തെടുക്കുക.





## സെക്കന്ററി

പ്ലസ്ടുവിനൊപ്പം  ലൈഫ് സ്കിൽ, ഹോം സയൻസ്,
ഖുർആൻ, ഹദീസ്, ഫിഖ്ഹ് എന്നിവയിലുള്ള പ്രാഥമിക പഠനം
ഫീൽഡ് ട്രിപ്പ്, പ്രോജക്ട് വർക്കുകൾ.

SNEC നിർമ്മിച്ച ഡിജിറ്റൽ പ്ലാറ്റ്ഫോമും ആപ്ലിക്കേഷനും
വഴിയുള്ള നൂതന ഭാഷാ പഠന രീതി.

## ഡിഗ്രി

മതപഠനം യൂണിവേഴ്സിറ്റി ഡിഗ്രി.

ഖുർആൻ, ഹദീസ്, തസവ്വുഫ്, ഫിഖ്ഹ്
തുടങ്ങിയവയിൽ ആഴത്തിലുള്ള പഠനം.

ഐ.ടി, ഹോം സയൻസ്, പാരന്റിങ് സൈക്കോളജി,
ടീച്ചിങ് പെഡഗോജി എന്നിവയിൽ പ്രത്യേക പരിശീലനം.

## പി.ജി

ഖുർആൻ, ഹദീസ്, ഫിഖ്ഹ്, തസവ്വുഫ്, അഖീദ,
അറബി ഭാഷ എന്നിവയിൽ ഏതെങ്കിലമൊന്നിലുള്ള
സ്പെഷലൈസേഷൻ.

ടീച്ചേഴ്സ് ട്രെയിനിങ്, റിസർച്ച് മെത്തഡോളജി,
ഗവേഷണ പ്രബന്ധം.

# ലൈഫ് സ്ട്രീം (2+4+2)

മതബോധവും പ്രതിഭയുമുള്ള പ്രൊഫഷനലുകളെ വാർത്തെടുക്കുന്ന പഠനരീതി.

## ഉദ്ദേശ്യലക്ഷ്യങ്ങൾ

ഐ.എ.എസ്,  ഐ.പി.എസ്, ഐ.എഫ്.എസ് തുടങ്ങിയ യു.പി.എസ്.സി മേഖലയിലേക്കും എസ്.എസ്.സി, സി,ജി,എൽ തുടങ്ങിയ മേഖലയിലേക്കും പ്രാപ്തരായ പ്രതിഭകളെ സൃഷ്ടിക്കുക.

---

പി.എസ്.സിക്കും മറ്റു പൊതു പരീക്ഷകൾക്കും പരിശീലിപ്പിക്കുക.

---

ലോ, മീഡിയ, സോഷ്യൽ സയൻസ്, ബിസിനസ്, ഐടി ആൻഡ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡിസൈനിങ് തുടങ്ങിയ മേഖലയിലേക്കുള്ള പ്രൊഫഷണലുകളെ വാർത്തെടുക്കുക.

---

ഗുണനിലവാരമുള്ള അധ്യാപകരെ പരിശീലിപ്പിക്കുക
സയൻസ് വിഷയങ്ങളിൽ പ്രാപ്തരായവരെ കണ്ടെത്തി ജൂനിയർ ശാസ്ത്രജ്ഞർ, ഗവേഷകർ തുടങ്ങിയവരെ വാർത്തെടുക്കുക.

---

മതബോധവും കാഴ്ചപ്പാടും ഇസ്ലാമിക ചിട്ടയുമുള്ളവരാക്കി വളർത്തുക.





## സെക്കന്ററി

പ്ലസ്ടുവിന് പുറമേ മതബോധത്തിനു വേണ്ട അറിവുകളും വിവിധ മത്സര പരീക്ഷകൾക്കു വേണ്ട ഊർജ്ജിത പരിശീലനവും.

പ്ലസ്ടു സയൻസ്, ഹ്യുമാനിറ്റീസ്, കൊമേഴ്സ്.

സ്പോക്കൺ ഇംഗ്ലീഷ്, ഐ.ടി, ലൈഫ് സ്കിൽ.

മത ചിട്ടയ്ക്കു വേണ്ട ക്ലാസ്സുകൾ, ഖുർആൻ പാരായണം ഹിഫ്ള്, തസവ്വുഫ് തുടങ്ങിയവ.




## ഡിഗ്രി

SNEC നേരിട്ടു നടത്തുന്ന കേന്ദ്രീകൃത ക്യാമ്പസിൽ ഡിഗ്രി പഠനം. എക്സിറ്റ്, ലാറ്ററൽ എൻട്രി സൗകര്യങ്ങൾ.

## പി.ജി

മുഖ്യലക്ഷ്യം പ്രമുഖ കേന്ദ്ര സർവകലാശാലകളിലോ വിദേശ സർവകലാശാലകളിലോ പ്രവേശനം. അല്ലാത്തവർക്ക് ടോപ് മെയ്ക്കർ കോഴ്സായി പി.ജി പഠനത്തിന് SNEC ക്യാമ്പസിൽ അവസരം.

**SAMASTHA NATIONAL EDUCATION COUNCIL (SNEC)**

Central Office,Francis Road,
Kozhikkode-03, Kerala, India
samasthanec@gmail.com

8590555455, 9446019554